"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 10 -ാമത് സംസ്ഥാന യോഗാസന ചാമ്പ്യൻഷിപ്പിന് കോട്ടയം ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2117/2025/LSGD തീയതി,തിരുവനന്തപുരം, 26-08-2025

---

പരാമർശം:- 1. യോഗ അസോസിയേഷൻ ഓഫ് കേരള സമർപ്പിച്ചിരിക്കുന്ന 07.08.2025 തീയതിയിലെ കത്ത്.

**ഉത്തരവ്**

2025 ആഗസ്റ്റ് 30, 31 തീയതികളിൽ കോട്ടയത്ത് വച്ച് നടക്കുന്ന 10 -ാമത് സംസ്ഥാന യോഗാസന ചാമ്പ്യൻഷിപ്പിൽ ആയിരത്തോളം മത്സരാർത്ഥികളും മറ്റ് ഒഫിഷ്യൽസും പങ്കെടുക്കുന്നുണ്ടെന്നും പ്രസ്തുത പരിപാടിക്ക് വലിയ സാമ്പത്തിക ചെലവ് വരുന്നതിനാൽ ജില്ലാ പഞ്ചായത്ത് / കോർപറേഷൻ, മുനിസിപ്പാലിറ്റി/ ബ്ലോക്ക് പഞ്ചായത്ത് , ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും യഥാക്രമം 1,00,000, 50,000, 25,000/- രൂപ എന്ന ക്രമത്തിൽ ധനസഹായം അനുവദിക്കണമെന്നും യോഗ അസോസിയേഷൻ ഓഫ് കേരള സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025 ആഗസ്റ്റ് 30, 31 തീയതികളിൽ കോട്ടയത്ത് വച്ച് നടക്കുന്ന 10 -ാമത് കേരള സംസ്ഥാന യോഗാസന ചാമ്പ്യൻഷിപ്പിന് കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ ₹15000/- (പതിനയ്യായിരം രൂപ മാത്രം) , മുനിസിപ്പാലിറ്റികൾ ₹25000/- (ഇരുപത്തയ്യായിരം രൂപ മാത്രം) എന്ന നിരക്കിൽ ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ചിത്ര പി അരുണിമ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 27-08-2025 10:48:00

പകർപ്പ് : ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.